# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1314 — 04.12.14 ൽ - മറുപടിക്ക്

## റേഷൻ കട നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>" പി.ബി. അബ്ദുൾ റസാക്<br>" സി. മമ്മൂട്ടി<br>" അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) എൻഡ് ടു എൻഡ് പദ്ധതി പ്രകാരമുളള റേഷൻകട നവീകരണ നടപടികൾ ഏതു ഘട്ടത്തിലാണെന്നതിന്റെ വിശദ വിവരം നൽകാമോ ; | (എ) തിരുവനന്തപുരം ജില്ലയിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ 6 കടകളിൽ എ.പി.എൽ. (എസ്.എസ്) സബ്സിഡി നേരിട്ട് നൽകുന്നതിനായി പ്രീ പൈലറ്റ് പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 6 റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. ഈ കടകളിലെല്ലാം തറ ടൈൽ പാകി വൃത്തിയാക്കുകയും ഇലക്ട്രിക്കൽ വയറിംഗ് നടത്തുകയും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും ചെയ്തു. റേഷൻ സാധനങ്ങൾ സപ്ലൈകോ നേരിട്ട് കടകളിൽ ലഭ്യമാക്കുകയും ചെയ്തു. ഗുണഭോക്താക്കളെ ആധാർ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആധാർ എല്ലാ കാർഡുടമകൾക്കും ലഭ്യമാകാതിരുന്നതും ലഭ്യമായ കാർഡുടമകളുടെ തന്നെ ബയോമെട്രിക് ആതന്റിക്കേഷൻ നടത്തുന്നതിന് ചില തടസ്സങ്ങൾ നേരിടുകയുണ്ടായി. |

(ബി) ഈ പദ്ധതി പൂർത്തിയാവുമ്പോൾ റേഷൻ വിതരണത്തിൽ എന്തൊക്കെ ഗുണപരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പൂർണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനും തിരിമറി പൂർണ്ണമായും തടയുവാനും സാധിക്കും. റേഷൻകടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻസാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും യഥാസമയം സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചു കൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) ഏതെങ്കിലും ജില്ലയിൽ ഈ പദ്ധതി പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(സി) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പദ്ധതി ഉടനെ തുടങ്ങുന്നതാണ്.

സെക്ഷൻ ഓഫീസർ